# ഇന്ത്യയും യുഎസും സൈബർ ക്രൈം അന്വേഷണത്തിൽ ധാരണാപത്രം ഒപ്പുവെച്ചു

ജനുവരി 18, 2025

സൈബർ കുറ്റകൃത്യ അന്വേഷണങ്ങളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനായുള്ള ധാരണാപത്രം ഇന്ത്യയും യുഎസും 2025 ജനുവരി 17-ന് വാഷിംഗ്ടൺ ഡിസിയിൽ വെച്ച് ഒപ്പുവച്ചു.

2. അമേരിക്കയിലെ ഇന്ത്യൻ അംബാസഡർ വിനയ് ക്വാത്രയും, അമേരിക്കയുടെ ഹോംലാൻഡ് സെക്യൂരിറ്റി (DHS) ആക്ടിംഗ് ഡെപ്യൂട്ടി സെക്രട്ടറി ക്രിസ്റ്റി കനേഗല്ലോയും ധാരണാപത്രത്തിൽ ഒപ്പുവച്ചു.

3. ഇന്ത്യയിൽ ആഭ്യന്തര മന്ത്രാലയത്തിന്റെ (MHA) കീഴിലുള്ള ഇന്ത്യൻ സൈബർക്രൈം കോർഡിനേഷൻ സെന്ററിനാണ് (I4C) ധാരണാപത്രം നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തം.  യുഎസ് ഭാഗത്ത് നിന്ന്, ഇത് ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാൻഡ് സെക്യൂരിറ്റി (DHS), അതിന്റെ ഘടക ഏജൻസികളായ യുഎസ് ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റ് (ICE), ഹോംലാൻഡ് സെക്യൂരിറ്റി ഇൻവെസ്റ്റിഗേഷൻസ് സൈബർ ക്രൈംസ് സെന്റർ (C3) എന്നിവയാണ് ചെയ്യുന്നത്.

4. കുറ്റകൃത്യ പരിശോധനകളിൽ സൈബർ ഭീഷണി ഇന്റലിജൻസ്, ഡിജിറ്റൽ ഫോറൻസിക്സ് എന്നിവയുടെ ഉപയോഗവുമായി ബന്ധപ്പെട്ട് സഹകരണത്തിന്റെയും പരിശീലനത്തിന്റെയും തലം ഉയർത്താൻ ഇരു രാജ്യങ്ങളിലെയും ബന്ധപ്പെട്ട ഏജൻസികളെ ഈ ധാരണാപത്രം സഹായിക്കുന്നു.

5. ഭീകരവാദം, അക്രമാസക്ത തീവ്രവാദം, ഭീകരവാദ ധനസഹായം, മയക്കുമരുന്ന് കടത്ത്, സംഘടിത കുറ്റകൃത്യങ്ങൾ, മനുഷ്യക്കടത്ത്, നിയമവിരുദ്ധ കുടിയേറ്റം, കള്ളപ്പണം വെളുപ്പിക്കൽ, ഗതാഗത സുരക്ഷ തുടങ്ങിയ ഇന്ത്യയും യുഎസും നേരിടുന്ന സുരക്ഷയിലെ പൊതുവായ വെല്ലുവിളികളുമായി സൈബർ കുറ്റകൃത്യങ്ങൾക്ക് സങ്കീർണ്ണമായ ബന്ധമുണ്ട്.  സൈബർ കുറ്റകൃത്യ അന്വേഷണങ്ങളെ

സംബന്ധിക്കുന്ന ധാരണാപത്രം നമ്മളുടെ സമഗ്രവും ആഗോളരപരവുമായ പങ്കാളിത്തത്തിന്റെ ഭാഗമായി ഇന്ത്യ-യുഎസ് സുരക്ഷാ സഹകരണം കൂടുതൽ ശക്തിപ്പെടുത്താൻ സഹായിക്കും

ന്യൂഡൽഹി

ജനുവരി 18, 2025